1039

കഷ്ടങ്ങൾ സാരമില്ല കണ്ണുനീർ സാരമില്ല
നിത്യതേജസ്സിൻ ഘനമോർത്തിടുമ്പോൾ
നൊടിനേരത്തേക്കുള്ള കഷ്ടങ്ങൾ സാരമില്ല

*1.* പ്രിയന്റെ വരവിൻ ധ്വനി മുഴങ്ങും
പ്രാക്കളെപോലെ നാം പറന്നുയരും
പ്രാണന്റെ പ്രിയനാം മണവാളനിൽ
പ്രാപിക്കും സ്വർഗ്ഗീയ മണിയറയിൽ

*2.* മണവാളൻ വരും വാനമേഘത്തിൽ
മയങ്ങാൻ ഇനിയും സമയമില്ല
മദ്ധ്യാകാശത്തിങ്കൽ മഹൽ ദിനത്തിൽ
മണവാട്ടിയായി നാം പറന്നുപോകും

*3.* ജാതികൾ ജാതികളോടെതിർത്തിടുമ്പോൾ
ജഗത്തിൻ പീഡകൾ പെരുകിടുമ്പോൾ
ജീവിത ഭാരങ്ങൾ വർദ്ധിച്ചിടുമ്പോൾ
ജീവന്റെ നായകൻ വേഗം വന്നിടും

*4.* യുദ്ധവും ക്ഷാമവും ഭൂകമ്പങ്ങളും
യുദ്ധത്തിൻ ശ്രുതിയും കേൾക്കുന്നില്ലയോ
യിസ്രയേലിൻ ദൈവം എഴുന്നള്ളുന്നേ
യേശുവിൻ ജനമേ ഒരുങ്ങുക നാം- W.C